### ജയിൽവാതിലുകൾ തുറക്കപ്പെടുന്നു–2

# പുതിയ പ്രഭാതത്തിലേക്ക്

അനുഭവം ● **ഇൻതിസാർ നഈം**

**ഒക്ടോബർ** 10–ന് പ്രഭാതനമസ്കാരത്തിന് ബാങ്കൊലി ഉയർന്നപ്പോൾ എന്റെ വാതിലിൽ മുട്ട് കേട്ടു. തുറന്നപ്പോൾ വലിയൊരു പോലീസ് സേന കാത്തിരിക്കുന്നു. 'നമസ്കരിച്ചോട്ടെ' എന്ന അഭ്യർഥനപോലും ചെവികൊള്ളാതെ വണ്ടിയിൽ കയറ്റി. അതിൽ തൊട്ടടുത്ത് താമസിച്ചിരുന്ന അബ്ദുല്ലാ മുബാറക് ഷായുണ്ടായിരുന്നു. രണ്ടു പേരെയും ഹൗസ്ഖാസി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

ഉച്ചക്കുശേഷം ഞങ്ങളെ തീസ്ഹസാരി കോടതിയിൽ പി.ഡി ജറൂളിന്റെ മുമ്പാകെ ഹാജറാക്കി. എനിക്കെതിരെയുള്ള ചാർജ്ഷീറ്റിൽ ഖാസിംജാൻ സ്ട്രീറ്റിലെ പൊതുയോഗത്തിൽ 'ഞങ്ങൾ എല്ലാം ശരിയാക്കിയിട്ടുണ്ട്. നിങ്ങൾ സഹായിച്ചാൽ മാത്രം മതി, ഇന്ദിരാഗാന്ധിയെ നമുക്ക് താഴെയിറക്കാം' എന്ന് പ്രസംഗിച്ചുവെന്നതായിരുന്നു കുറ്റം. ചാർജ്ഷീറ്റിലെ വാചകങ്ങൾ നേരത്തേ തയാറാക്കി വെച്ചതാണെന്നും ആരുടെ പേര് വേണമെങ്കിലും അതിൽ ചേർക്കാവുന്നതാണെന്നും ഇതു കേട്ടപ്പോൾ തോന്നിപ്പോയി. ജഡ്ജി ഒന്നും ചോദിച്ചില്ല. എന്തെങ്കിലും പറഞ്ഞതുകൊണ്ട് ഫലമില്ലെന്ന് ഉറപ്പുള്ളതുകൊണ്ട് ഞങ്ങളൊന്നും മിണ്ടിയതുമില്ല. നേരെ തീഹാർ ജയിലിലേക്ക് കൊണ്ടുപോയി.

വാർഡ് നമ്പർ 13ലെ ഒരു ബാരക്കിൽ വെച്ച് അമീറിനെയും കൂട്ടാളികളെയും കണ്ടു. അന്ന് പ്രഭാത നമസ്കാരത്തിനായി ബാങ്ക് വിളിച്ചപ്പോൾ ജയിലർ വന്ന് ബാങ്ക് കൊടുക്കുന്നത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് തടഞ്ഞു. അമീർ അതേപറ്റി സൂപ്രണ്ടിന് എഴുതാൻ തുടങ്ങിയപ്പോൾ, അതറിഞ്ഞ് ഓടിയെത്തിയ ജയിലർ മാപ്പു പറഞ്ഞു. മേലിൽ ഇഷ്ടം പോലെ ബാങ്കും നമസ്കാരവുമൊക്കെ നടത്താൻ യാതൊരു വിരോധവുമില്ലെന്ന് പറഞ്ഞതോടെ ആ പ്രശ്നം അവസാനിച്ചു.

ജയിൽവാസത്തിനിടയിൽ യാതൊരു ബുദ്ധിമുട്ടുമില്ലാതെ, ജമാഅത്ത് നമസ്കാരങ്ങളും ഖുർആൻദർസുകളും സ്വകാര്യമായ പഠനവും എഴുത്തും മറ്റുള്ളവരുമായി കൂടിക്കാഴ്ചയുമൊക്കെ നടന്നു. സൽമാൻ നദ്‌വി, ഉറൂജ് ഖാദിരി എന്നിവരുടെ ഖുർആൻ ക്ലാസ്സുകൾ അമുസ്‌ലിംകൾക്ക് വരെ വളരെ ഹൃദ്യമായി അനുഭവപ്പെട്ടു. ഉറൂജ് ഖാദിരി സാഹിബ് ജയിലിൽ വെച്ചായിരുന്നു സൂറ *യൂസുഫിന്* വ്യാഖ്യാനമെഴുതിയത്.

75 വയസ്സ് പ്രായമുള്ള അമീറിന്റെ കൈകളിൽ വിലങ്ങുവെച്ച് കോടതിയിൽ കൊണ്ടുപോവുമ്പോഴും ഷെർവാനിയും പൈജാമയും വെള്ളത്തൊപ്പിയും ധരിച്ച ആ വയോധികന്റെ മുഖത്ത് യാതൊരു വിഷമവും പ്രയാസവും കാണാനായില്ല. ഒരിക്കൽ തൊട്ടടുത്ത പോലീസ് ഓഫീസറോട് പറഞ്ഞു: 'ഈ വിലങ്ങുകൾ ഞങ്ങൾക്കൊരു ഓണർ (ബഹുമതി) ആണ് കെട്ടോ.'

തടവുകാരുമായി മൗലാനക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. ദൽഹിയിലെ ചാന്ദ്നീ ചൗക് ബാങ്ക് കവർച്ച കേസിലെ പ്രതിയായിരുന്ന ശഹ്സഹർ ഖാൻ എന്ന യുവാവ് പറഞ്ഞത്, മൗലാനയുമായുള്ള സഹവാസമാണ് എന്നെ ഒരു മനുഷ്യനാക്കിയത് എന്നായിരുന്നു.

മെസ്സിന്റെ ഇൻചാർജായിരുന്ന ആർ.എസ്.എസ്സ് പ്രവർത്തകൻ സൂര്യഭായിയുമായി അടുപ്പമായിരുന്നു മൗലാനക്ക്. രാവിലെ ചായയുമായി വന്ന് പറയും: 'മൗലാനാ, ആദ്യം ചായ പിന്നെയാകട്ടെ ഖുർആൻ ക്ലാസ്'.

രാജ്യമൊട്ടുക്കും അറസ്റ്റുകൾ തുടർന്നു കൊണ്ടിരുന്നു. ഒരു ദിവസം ജയിൽ സൂപ്രണ്ട് വന്നു പറഞ്ഞു, 'കുറെ യുവാക്കളെ കൂടി ഉൾക്കൊള്ളിക്കാൻ നിങ്ങൾ ബാരക്കിന്റെ ഒരു ഭാഗത്തേക്ക് മാറിത്തരുമോ?'

**വാർഡ് നമ്പർ 13ലെ ഒരു ബാരക്കിൽ വെച്ച് അമീറിനെയും കൂട്ടാളികളെയും കണ്ടു. അന്ന് പ്രഭാത നമസ്കാരത്തിനായി ബാങ്ക് വിളിച്ചപ്പോൾ ജയിലർ വന്ന് ബാങ്ക് കൊടുക്കുന്നത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് തടഞ്ഞു. അമീർ അതേപറ്റി സൂപ്രണ്ടിന് എഴുതാൻ തുടങ്ങിയപ്പോൾ, അതറിഞ്ഞ് ഓടിയെത്തിയ ജയിലർ മാപ്പു പറഞ്ഞു. മേലിൽ ഇഷ്ടം പോലെ ബാങ്കും നമസ്കാരവുമൊക്കെ നടത്താൻ യാതൊരു വിരോധവുമില്ലെന്ന് പറഞ്ഞതോടെ ആ പ്രശ്നം അവസാനിച്ചു.**

മൗലാനയുടെ നിർദേശപ്രകാരം ഞങ്ങളെല്ലാം ഒരു വശത്തേക്ക് ഒതുങ്ങി കൊടുത്തു. പ്രസ്ഥാന പ്രവർത്തകരിൽ ഏറ്റവും പ്രായം കുറഞ്ഞ യുവാക്കൾ ഞാനും ശബീർ അഹ്മദ് ഫലാഹിയുമായിരുന്നു. പുതുതായി വന്ന യുവാക്കളുമായി ഞങ്ങൾ വളരെ വേഗം സൗഹൃദത്തിലായി. ഒരിക്കൽ തലവേദനകൊണ്ട് പുളഞ്ഞ ഒരു യുവസുഹൃത്തിനെ ഞങ്ങൾ വേണ്ട വിധം പരിചരിച്ചു. ടവൽ തലയിൽ കെട്ടി. ബാം പുരട്ടിക്കൊടുത്തു. ആശ്വാസം തോന്നിയപ്പോൾ അയാൾ പറഞ്ഞു: 'നിങ്ങൾ വലിയ മനുഷ്യരാണ്.'

മാസങ്ങൾ കഴിഞ്ഞാണ് ജനസംഘം നേതാവ് മദൻലാൽ ഖുരാനയെ അറസ്റ്റ് ചെയ്തത്. അതുവരെ അയാൾ അണ്ടർഗ്രൗണ്ടിൽ പ്രവർത്തിക്കുകയായിരുന്നുവെന്ന് ഞങ്ങളോട് പറഞ്ഞു. ജനസംഘം, ആർ.എസ്.എസ്സ് പ്രവർത്തകരുമായി യാതൊരു പരിചയവുമില്ലായിരുന്നു. പക്ഷേ ജയിലിൽ നല്ല സൗഹൃദം പങ്കിടുകയും പുറത്തിറങ്ങിയ ശേഷവും അത് തുടരുകയും ചെയ്തു. എന്നാൽ അവരുടെ ഭാഗത്തുനിന്നുള്ള നിസ്സഹകരണം മൂലം പിൽക്കാലത്ത് അത് തുടരാൻ കഴിഞ്ഞില്ല. എങ്കിലും അവരുടെ തെറ്റിദ്ധാരണകൾ ഇല്ലാതാക്കാൻ ഒരു പരിധിവരെ ഈ സൗഹൃദം കൊണ്ട് സാധിച്ചു. ചൗധരി ചരൺസിംഗ്, പ്രകാശ് സിംഗ് ബാദൽ, ഗായത്രിദേവി തുടങ്ങിയ നേതാക്കളും ഈ ജയിലിൽ തന്നെയായിരുന്നു.

ജയിലിൽനിന്ന് കോടതിയിലേക്കുള്ള വാൻയാത്ര നല്ലൊരനുഭവമായിരുന്നു. കുത്തിനിറച്ച വാനിൽ പോകുമ്പോൾ മുദ്രാവാക്യം വിളിക്കുമായിരുന്നു. ഒരിക്കൽ കോടതിയിൽ ജഡ്ജി ചോദിച്ചു: 'താങ്കൾ ജാമ്യത്തിലിറങ്ങാൻ ശ്രമിക്കാത്തതെന്താണ്?' അടുത്ത തവണ ചോദ്യം ആവർത്തിക്കുക മാത്രമല്ല, ജാമ്യം അനുവദിക്കുക കൂടി ചെയ്തു. ജയിലിൽനിന്ന് പുറത്തെത്തിയപ്പോഴാണ് ബോധ്യമായത്, പുറംലോകം ശരിക്കും ജയിലായി മാറിയിരിക്കുന്നുവെന്ന്. ആളുകൾ ചകിതരായിരുന്നു. ആർക്കും ആരെയും വിശ്വാസമുണ്ടായിരുന്നില്ല. അപരിചിതരെ മുഴുവൻ സി.ഐ.ഡിയാണെന്ന് സംശയിക്കുന്ന സ്ഥിതി!

സഞ്ജയ് ഗാന്ധിയാകട്ടെ കിരീടം വെക്കാത്ത രാജാവായി വിലസുകയായിരുന്നു. അമീർ ജയിലിൽ വെച്ച് ഇന്ദിരാ ഗാന്ധിക്ക് സുദീർഘമായി കത്തെഴുതി. ഇതൊരു മാപ്പ് ഹരജിയല്ലെന്ന മുഖവുരയോടെ ജമാഅത്തിനെ പരിചയപ്പെടുത്തുകയും അതിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. മുസ്‌ലിംലീഗിന്റെ അധ്യക്ഷനും എം.പിയുമായ ഇബ്റാഹീം സുലൈമാൻ സേട്ടിനെയും ഞങ്ങൾ കണ്ടു. കോൺഗ്രസുമായുള്ള ഏറെക്കാലത്തെ സഖ്യത്തിലൂടെ ലീഗ് നിലപാട് തികച്ചും അടിയന്തരാവസ്ഥക്കനുകൂലമായിരുന്നു. എങ്കിലും ജമാഅത്തുമായുള്ള സേട്ടു സാഹിബിന്റെ അടുത്ത ബന്ധംമൂലം അതിനെ നിരോധിച്ചതിൽ ഏറെ പ്രയാസമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'സത്യമായും മുസ്‌ലിം ലീഗിനെ നിരോധിച്ചിരുന്നെങ്കിൽ ഞാനിത്രയേറെ ദുഃഖിക്കുമായിരുന്നില്ല. ജമാഅത്തിനെ നിരോധിച്ചതുകൊണ്ട് ഇന്ത്യയിൽ ഇസ്‌ലാമിക പ്രവർത്തനം ഇല്ലാതായിപ്പോയി.'

*അൽമുജ്തമഅ്* എന്ന വിഖ്യാത അറബി പത്രം ജമാഅത്ത് നിരോധത്തെയും നേതാക്കളെ ജയിലിലടച്ചതിനെയും അതിരൂക്ഷമായി വിമർശിച്ച് ലേഖനം പ്രസിദ്ധീകരിച്ചു. ജയിലഴിക്കുള്ളിലെ മൗലാനയുടെ ചിത്രവും പ്രാധാന്യപൂർവം നൽകിയിരുന്നു.

മീററ്റിലെ ജമാഅത്തംഗവും കവിയുമായിരുന്ന ഹഫീസ് മീററ്റ് ജയിലിൽ വെച്ച് നിരവധി കവിതകളും ഗസലുകളും രചിച്ചു. സൻജീറേം, വഫാ ഗുസർഗയീ എന്നിവ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അധികൃതർ അദ്ദേഹത്തെ 'മിസ' ഉപയോഗിച്ച് ഏകാന്ത തടവറയിലടച്ചു.

യു.പി മുഖ്യമന്ത്രിയായിരുന്ന എച്ച്.എൻ ബഹുഗുണ മുസ്‌ലിംസദസ്സുകളിൽ 'സുബ്ഹാനല്ലാ, അൽഹംദുലില്ലാ' എന്നൊക്കെ പറയുന്ന നല്ലൊരു സെക്യുലരിസ്റ്റായിരുന്നിട്ടും അദ്ദേഹത്തിന്റെ ഗവൺമെന്റ് ജമാഅത്ത് നേതാക്കളിലും അംഗങ്ങളിലുംപെട്ട രോഗികൾക്ക് പോലും പരോൾ അനുവദിക്കാൻ തയാറായില്ല. അതിനാൽ ജയിലിൽ വെച്ച് രണ്ട് പേർ മരിക്കാനിടയായി. അഅ്സംഗഢ് ജയിലിൽ അബുല്ലൈസ് ഇസ്‌ലാഹി നദ്‌വിയും സദ്റുദ്ദീൻ ഇസ്‌ലാഹിയുമുണ്ടായിരുന്നു.

**യു. പി മുഖ്യമന്ത്രിയായിരുന്ന എച്ച്. എൻ ബഹുഗുണ മുസ്‌ലിംസദസ്സുകളിൽ 'സുബ്ഹാനല്ലാ, അൽഹംദുലില്ലാ' എന്നൊക്കെ പറയുന്ന നല്ലൊരു സെക്യുലരിസ്റ്റായിരുന്നിട്ടും അദ്ദേഹത്തിന്റെ ഗവൺമെന്റ് ജമാഅത്ത് നേതാക്കളിലും അംഗങ്ങളിലുംപെട്ട രോഗികൾക്ക് പോലും പരോൾ അനുവദിക്കാൻ തയാറായില്ല. അതിനാൽ ജയിലിൽ വെച്ച് രണ്ട് പേർ മരിക്കാനിടയായി. അഅ്സംഗഢ് ജയിലിൽ അബുല്ലൈസ് ഇസ്‌ലാഹി നദ്‌വിയും സദ്റുദ്ദീൻ ഇസ്‌ലാഹിയുമുണ്ടായിരുന്നു.**

ദൽഹിയിൽ സീൽ ചെയ്തിരുന്ന ഓഫീസിലെ ഫയലുകൾ നശിക്കാനുള്ള സാധ്യത വളരെയേറെയായിരുന്നു. അത് തണുപ്പിൽ കുതിർന്ന് പോവാതിരിക്കാൻ വെയിൽകൊള്ളിക്കേണ്ടിയിരുന്നു. കോടതിയിൽനിന്ന് അനുമതി വാങ്ങി ഓഫീസ് തുറന്നുനോക്കിയപ്പോൾ ആകെ കുത്തഴിഞ്ഞു കിടക്കുന്നത് കണ്ടു. 1974-ലെ അഖിലേന്ത്യാ സമ്മേളന റിപ്പോർട്ട്, മുസ്‌ലിം സാഹിബിന്റെ കുറെ കനപ്പെട്ട രചനകൾ തുടങ്ങിയവ നശിച്ചുകഴിഞ്ഞിരുന്നു. മർകസി മക്തബയുടെ സ്റ്റോക്ക് ചെയ്ത നിരവധി പുസ്തകങ്ങളും ഉപയോഗശൂന്യമായിരുന്നു.

ആദ്യം ബീഹാറിലും ബംഗാളിലുമുള്ള പ്രവർത്തകരെ പോയി കാണുകയും അവർക്ക് ആത്മവിശ്വാസം പകരുകയും ചെയ്തു. മധ്യ ദക്ഷിണ ഭാഗങ്ങളിലേക്കായിരുന്നു പിന്നീടുള്ള യാത്ര. ഭോപാലിലെത്തിയപ്പോൾ വളരെ ഭീതിതമായ ഒരു അന്തരീക്ഷമാണ് കാണാനായത്. ജയിലിലടക്കപ്പെട്ട നേതാക്കളുടെ വീടുകളിൽ ചെന്ന് കാര്യങ്ങൾ അന്വേഷിച്ചു. മധ്യപ്രദേശ് അമീർ ഇനാമുർറഹ്മാൻ സാഹിബ് മിസ തടവിലായിരുന്നു. ജാമ്യം ലഭിക്കാത്ത വകുപ്പുകളായതിനാൽ ഏറെക്കാലം ജയിലിൽതന്നെ കഴിഞ്ഞു. അദ്ദേഹം ജയിലിൽനിന്നെഴുതിയ കത്തുകൾ 'മിസാ കേ ശഗൂഫേ' എന്ന പേരിൽ പുസ്തകമാക്കിയിട്ടുണ്ട്. സാഹിത്യാഭിരുചിയും ഭാഷാപാടവവും പൈതൃകമായി ലഭിച്ചിരുന്ന അദ്ദേഹത്തിന്റെ രചനകൾ ഏറെ ശ്രദ്ധേയമാണ്. ജയിലിൽ മധുലിമായെയുമായുള്ള സഹവാസം അദ്ദേഹത്തെക്കുറിച്ച് പിൽക്കാലത്ത് പ്രശംസാവാക്കുകൾ ചൊരിയാൻ നിമിത്തമായി. ജയ്പൂരിൽ അമീർ മൗലാനാ മസ്ഹറുൽ ഹഖും മറ്റു

നേതാക്കളും ജയിലിലായിരുന്നു. കോട്ടയിൽ ചെന്നപ്പോൾ *റേഡിയൻസ്* മാനേജിംഗ് ഡയറക്ടർ മുഹമ്മദ് യൂസുഫ് സിദ്ദീഖിയെ കണ്ടു. കുറെക്കാലം മിസാ തടവുകാരനായി അമ്പാലയിൽ ആയിരുന്നു. അനാരോഗ്യം കാരണം ജാമ്യം ലഭിച്ചുവെങ്കിലും ഒരു മാസം കഴിയും മുമ്പേ മരണപ്പെട്ടു.

ദിവസങ്ങൾക്കുശേഷം പഞ്ചാബിലെ മാലിയർ കോട്ട്ല സന്ദർശിച്ചു. അപ്പോൾ അമീറും മറ്റു നേതാക്കളും ജയിൽ മോചിതരായി വീടുകളിലെത്തിയിരുന്നു. ഗുജറാത്ത് അമീർ ജയിലിലായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് കുടുംബത്തെ കണ്ടു. ക്ഷമയും സഹനവും ശീലിക്കാൻ നല്ലൊരു അവസരമാണെന്നായിരുന്നു അദ്ദേഹത്തിന്റെ കുടുംബത്തിന്റെ പക്ഷം.

അടുത്ത യാത്ര ദക്ഷിണേന്ത്യയിലേക്കായിരുന്നു. ആന്ധ്രപ്രദേശിൽ ഹൈദരാബാദ്, നിസാമാബാദ്, കരീംനഗർ, വിജയവാഡ തുടങ്ങിയ കേന്ദ്രങ്ങൾ സന്ദർശിച്ചു. കരീംനഗറിലെ വനിതാഹൽഖ ധാരാളം അംഗങ്ങളും പ്രവർത്തകരുമടങ്ങിയതായിരുന്നു. അവർ ഈ നിർണായകഘട്ടത്തെ അതിസമർഥമായി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. ബൈത്തുൽമാൽ വിഹിതം ഇരട്ടിയാക്കി പ്രവർത്തനങ്ങൾ ഊർജിതമാക്കി. സ്ത്രീകളായതുകൊണ്ട് അധികൃതർ അത് വേണ്ടത്ര അറിഞ്ഞതുമില്ല.

അത്യധികം സന്തോഷം നൽകുന്നതായിരുന്നു കോഴിക്കോട്ടേക്കുള്ള യാത്ര. ഭാഷ തീരെ അറിയില്ലെങ്കിലും കേരളത്തിൽ സന്തോഷദായകമായ അന്തരീക്ഷമാണ് കാണാനായത്. വെള്ളിമാട്കുന്നിലെ ഓഫീസിൽ വെച്ച് ചിലരുമായി സംസാരിച്ചു. അമീർ കെ.സി അബ്ദുല്ല മൗലവി കണ്ണൂർ ജയിലിലായിരുന്നു. മറ്റു പല നേതാക്കളും ജയിലിലായിരുന്നെങ്കിലും പൊതുവെ അടിയന്തരാവസ്ഥയുടെ കഠിനപരീക്ഷണത്തിന് കേരളത്തിലെ പ്രവർത്തകർ വിധേയരായിരുന്നില്ല. പിന്നെ കൊച്ചിയിൽ ഇസ്‌ലാമിക് സെന്ററിൽ വെച്ച് മമ്മുണ്ണി മൗലവിയെയും സഹപ്രവർത്തകരെയും കണ്ടു. കർണാടകയിൽ അമീർ സിറാജുൽ ഹസൻ സാഹിബും നിരവധി നേതാക്കളും ബാംഗ്ലൂരിലെയും മറ്റും ജയിലുകളിലായിരുന്നു. ബാംഗ്ലൂർ ജയിലിൽ വെച്ചാണ് പ്രധാന പ്രവർത്തകനായിരുന്ന അബ്ദുസ്സലാം സാഹിബ് നിര്യാതനായത്.

* * *

ദൽഹിയിൽ രാഷ്ട്രീയരംഗം ചൂടു പിടിച്ചുകഴിഞ്ഞിരുന്നു. പ്രതിപക്ഷ പാർട്ടികൾ ഒറ്റക്കെട്ടായി അണിനിരന്നു. എന്നാൽ ശ്രീമതി ഇന്ദിരാഗാന്ധിക്ക് തന്റെ രഹസ്യ ഏജൻസിയിൽനിന്ന് ലഭിച്ച വിവരം അന്തരീക്ഷം പൂർണമായി അനുകൂലമാണെന്നായിരുന്നു. അവർ പെട്ടെന്ന് പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.

തെരഞ്ഞെടുപ്പ് ഫലം പുറത്തുവരാൻ തുടങ്ങിയതോടെ കാര്യങ്ങൾ കൈയിൽനിന്ന് വഴുതിമാറുന്നതാണ് അവർക്ക് കാണാനായത്. അമീർ മുഹമ്മദ് യൂസുഫ് സാഹിബ്, ഇന്ദിരാഗാന്ധിക്ക് മുഹമ്മദ് അഫ്സൽ സാഹിബിന്റെ വശം ഒരു കത്ത് കൊടുത്തയച്ചു. ജമാഅത്തിനെ നിരോധിക്കാൻ നിയമപരമോ ധാർമികമോ ആയ യാതൊരു അവകാശവും ഇല്ലാതിരിക്കെ ഉടനെത്തന്നെ നിരോധം പിൻവലിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നായിരുന്നു കത്തിന്റെ ഉള്ളടക്കം. അതുപ്രകാരം ജമാഅത്തിന്റെ മേലുള്ള അന്യായമായ നിരോധം പിൻവലിക്കപ്പെട്ടു.

ദൽഹിയിലെ കേന്ദ്രത്തിൽ ആഘോഷമായിരുന്നു അന്ന്. ജമാഅത്ത് പ്രവർത്തകരും അനുഭാവികളും അഭ്യുദയകാംക്ഷികളും ഒത്തുകൂടി. ജമാഅത്തിന്റെ സിരകളിൽ പുതുരക്തം ഓടിത്തുടങ്ങി. അറിയപ്പെടാത്ത മേഖലകളിൽ പോലും ജമാഅത്ത് ചർച്ചാ വിഷയമായി. തെറ്റിദ്ധാരണകൾ നീങ്ങി. നാടാകെ കൃതജ്ഞതാ ദിനം കൊണ്ടാടപ്പെട്ടു. അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും പുതിയ പ്രഭാതത്തിലേക്ക് നീങ്ങിയതോടെ അടിയന്തരാവസ്ഥയുടെ അന്ധകാരത്തിൽനിന്ന് ഇന്ത്യ മോചിതമായി. ■

(അവസാനിച്ചു)

**വിവ: അബ്ദുർറഹ്മാൻ കൊടിയത്തൂർ**